ശ്രീ. പി. നാണു: എത്തെല്ലാമാണു് ആവശ്യമില്ലാത്ത ഉദ്യോഗങ്ങളാം എന്നു് ഗവണ്മെണ്ടു് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിന്റെ ലിസ്റ്റു് ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.

ശ്രീ. പി. നാണു: ലിസ്റ്റില്ലെങ്കിലും ഓർമ്മയിലുള്ളതു് പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അങ്ങിനെ പറയാൻ നിവൃത്തിയില്ല.

STATE FORCES

*730. [6] **Sri. A. K. George:** Will the Hon'ble Chief Minister be pleased to state:—

(*a*) has the Government been guaranteed by the Central Government that all our men in the State Forces will be absorbed into service when our forces are taken over by the Centre;

(*b*) does the Government think of abolishing the system of temple duty carried on by the State Forces?

Sri. E. John Philipose: (*a*) and (*b*): These questions have not been finally settled yet.

സംയോജനത്തിനുമുമ്പു് കൊച്ചിയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ

*൩൫൰: (൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു മാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മുമ്പു് കൊച്ചിയിൽ സ്ഥിര പ്പെടുത്തിയിട്ടുള്ള പലേ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും നിയമനങ്ങൾ റദ്ദു ചെയ്യുവാനും അവരുടെ കാര്യം വീണ്ടും പരിശോധന നടത്തി തീരുമാനം ചെയ്യുവാനും ഗവണ്മെണ്ടു് ഉത്തരവായിട്ടുണ്ടോ;

(ബി) സംയോജനത്തിനു മുമ്പു് ദീർഘകാല പ്രാബല്യം നൽകി കുറെ തസ്തികകൾ തിരുവിതാംകൂറിൽ സ്ഥിരം തസ്തികകളാക്കിയിട്ടില്ലേ?

(സി) ബി-യിലെ സ്ഥിരപ്പെടുത്തലുകളെ സംബന്ധിച്ചിടത്തോളം പുനഃപരിശോ ധന ഉപേക്ഷിക്കപ്പെട്ടതു് എന്തുകൊണ്ടു്;

(ഡി) ഗവണ്മെണ്ടിന്റെ ഈ തീരുമാനം സർക്കാർ ഉദ്യോഗസ്ഥന്മാരെ സംബന്ധി ച്ചിടത്തോളം കവനൻറിലെ വ്യവസ്ഥകൾക്കു വിരുദ്ധമായിട്ടുള്ളതല്ലേ?

Sri. E. John Philipose: (a) to (d): The member is referred to the answers given on 15th March 1950, on the same matter.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംയോജനത്തെപ്പറ്റി ആലോചന നടന്നു കൊണ്ടിരുന്നപ്പോൾതന്നെ രണ്ടു രാജ്യങ്ങളിലും യാതൊരു ഉദ്യോഗസ്ഥന്മാരേയും പുതിയതായി സ്ഥിരപ്പെടുത്തരുതെന്നു രണ്ടു ഗവണ്മെണ്ടുകളും തമ്മിൽ ഒരു പരസ്പര ധാരണയുണ്ടായിരുന്ന തായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അങ്ങിനെ പരസ്പര ധാരണയുണ്ടായിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ ധാരണ അനുസരിച്ചു രണ്ടു ഗവണ്മെണ്ടുകളും പ്രവർത്തിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി നോക്കിക്കൊണ്ടിരിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ ധാരണയെ ലംഘിച്ചു സ്ഥിരപ്പെടുത്തിയതായിട്ട് ഗവണ്മെണ്ടിനു അറിയാമോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അതിനെപ്പറ്റി അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

ശ്രീ. ഈപ്പൻ അറയ്ക്കൽ: സംയോജനത്തിനുശേഷം കൊച്ചി ഗവണ്മെണ്ടു് പലരേയും സ്ഥിരപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഗാസ്സർ ഡി'സിൽവ: അതിനുമുമ്പു പരസ്പര ധാരണ ഉണ്ടായിരുന്നിട്ടും തിരുവി താംകൂർ ഗവണ്മെണ്ടു് ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്തിയതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതാണു് ഞാൻ പറഞ്ഞതു്, അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്നു എന്നു്.

LIBRARY ARCHIVES Kerala Legislative Assembly